അപകട ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിനായുള്ള പദ്ധതി പരിഗണനയിലാണ്. കോർപ്പറേഷന്റെ വരുമാനം കുറഞ്ഞ 1031 സർവ്വീസുകൾ ലാഭകരമായി പുനഃക്രമീകരിച്ചു കഴിഞ്ഞു. ഇതുകൂടാതെ, പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്ന പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, കൊറിയർ പാഴ്സൽ എന്നിവയ്ക്ക് ലൈസൻസിയെ കണ്ടെത്തുന്നതിനുള്ള ലേലം/ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്.

കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം

322 (324) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം എത്രയാണെന്ന് അറിയിക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ഒരു ദിവസത്തെ ശരാശരി ചെലവ് എത്ര രൂപയാണെന്ന് വിശദമാക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി. നിലവിൽ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് ; എങ്കിൽ എത്രയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 2014 ഒക്ടോബർ മാസത്തെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി. യുടെ ശരാശരി പ്രതിദിന വരുമാനം 4.91 കോടി രൂപയാണ്.

(ബി) 2012-13-ലെ വാർഷിക കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.യുടെ ഒരു ദിവസത്തെ ശരാശരി ചെലവ് 5.85 കോടി രൂപയാണ്.

(സി) 2012-13-ലെ വാർഷിക കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. നഷ്ടം 519.26 കോടി രൂപയാണ്.

കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻ നടപടി

323 (325) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; അവ വിശദമാക്കാമോ ;

(ബി) കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നടപടികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കാമോ ;

(ഡി) എന്തെല്ലാം പരിഷ്കാരങ്ങളാണ് പദ്ധതി നടപ്പിലാക്കുമ്പോൾ നിലവിൽ വരുന്നതെന്നു വിശദമാക്കുമോ ?

ഉത്തരം

(എ) കോർപ്പറേഷൻ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറി ലാഭത്തിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഒരു പുനരുദ്ധാരണ പാക്കേജിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പുനരുദ്ധാരണ പാക്കേജിൻ പ്രകാരമുള്ള പദ്ധതികൾ നടപ്പാക്കുക വഴി പ്രതിമാസ വരവ് ചെലവ് അന്തരം 78 കോടിയായി കുറയ്ക്കാൻ സാധിച്ചു. ടിക്കറ്റിതര വരുമാന വർദ്ധനവ് ഉദ്ദേശിച്ച് വിവിധ ഡിപ്പോകളിൽ ആധുനിക ബസ് സ്റ്റാൻഡും വാണിജ്യ സമുച്ചയവും നിർമ്മിച്ച് വരുന്നു. ആയതിലേക്ക് വേണ്ടിവരുന്ന മുതൽമുടക്ക് വാണിജ്യ സ്ഥാപനം നടത്താൻ ഉദ്ദേശിക്കുന്നവരിൽനിന്നും മൽസരാടിസ്ഥാനത്തിൽ പലിശരഹിത നിക്ഷേപം സ്വീകരിച്ചിട്ടാണ് സ്വരൂപിക്കുന്നത്.

(ബി&സി) കോർപ്പറേഷൻ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറി ലാഭത്തിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഒരു പുനരുദ്ധാരണ പാക്കേജിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

കോർപ്പറേഷന്റെ പെൻഷൻ ബാധ്യതയ്ക്ക് പരിഹാരം കണ്ടെത്തുക; കോർപ്പറേഷന്റെ വിപണി മൂല്യം വർദ്ധിപ്പിക്കുന്നതിനായി ആസ്തി മൂല്യ നിർണ്ണയം നടത്തുക, കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുമെടുത്തിട്ടുള്ള വായ്പകൾ മറ്റ് പൊതുമേഖലാ ബാങ്കുകളിലേക്ക് കൂടിയ തിരിച്ചടവ് കാലയളവും കുറഞ്ഞ പലിശ നിരക്കുമുള്ള വായ്പകളായി മാറ്റുക, സർക്കാരിന് നൽകാനുള്ള വായ്പാകുടിശ്ശിക മൂലധന നിക്ഷേപമാക്കി മാറ്റുക, വരുമാനം കുറഞ്ഞ ബസ് സർവ്വീസുകൾ ലാഭകരമാക്കത്തക്ക രീതിയിൽ പുനഃക്രമീകരിക്കുക, സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തുക തുടങ്ങിയവയാണ് പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുനരുദ്ധാരണ പാക്കേജ് പൂർണ്ണമായും നടപ്പിലാക്കുമ്പോൾ കെ.റ്റി.ഡി.എഫ്.സി.-ക്ക് നൽകാനുള്ള പ്രതിമാസ വായ്പാ തിരിച്ചടവ് 43 കോടി രൂപയിൽ നിന്നും 15-20 കോടി രൂപയായി കുറയുകയും കോർപ്പറേഷനിലെ പണമൊഴുക്ക് (fund flow) വർദ്ധിക്കുകയും ചെയ്യും. ആസ്തി മൂല്യം നിർണ്ണയിക്കുക വഴി കോർപ്പറേഷന്റെ വിപണി മൂല്യം വർദ്ധിക്കുന്നതാണ്. സോഷ്യൽ സെക്യൂരിറ്റി സെസ്സ് ഏർപ്പെടുത്തുക വഴി യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ സാധിക്കുകയും പെൻഷൻ വിതരണത്തിനായി കുറച്ച് തുക സ്വരൂപിക്കാൻ കഴിയുകയും ചെയ്യുന്നതാണ്. വരുമാനം കുറഞ്ഞ സർവ്വീസുകൾ നിർത്തലാക്കി ലാഭകരമായി പുനഃക്രമീകരിക്കുക വഴി കോർപ്പറേഷന് അധിക വരുമാനം കണ്ടെത്താൻ കഴിയും. ടിക്കറ്റിതര വരുമാന വർദ്ധനവ് ഉദ്ദേശിച്ച് വിവിധ ഡിപ്പോകളിൽ നിർമ്മിക്കുന്ന ആധുനിക വാണിജ്യ സമുച്ചയങ്ങൾക്ക് ഒപ്പം മെച്ചപ്പെട്ട ഓഫീസ്, ബസ് സ്റ്റേഷൻ, യാത്രക്കാരുടെ വിശ്രമാദി സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്.

കെ.എസ്.ആർ.ടി.സി.-യുടെ വിശ്രമ സങ്കേതങ്ങൾ

324 (326) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യാത്രക്കാർക്ക് വിശ്രമ സൗകര്യത്തിനായി വിശ്രമ സങ്കേതങ്ങൾ കെ.എസ്.ആർ.ടി.സി.യുടെ നിയന്ത്രണത്തിൽ നിർമ്മിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ്;

(ബി) ഇതിന്റെ നിർമ്മാണത്തിനു വേണ്ട തുക ഗവൺമെന്റ് ആണോ വഹിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) യാത്രക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) ഗവൺമെന്റ് ചെലവിലെ വിശ്രമ സങ്കേതങ്ങൾ യാത്രക്കാർക്ക് പൂർണ്ണമായും പ്രയോജനപ്പെടുത്താനാവശ്യമായ അടിയന്തര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. കാസർഗോഡ്, നിലമ്പൂർ, പയ്യന്നൂർ, കൽപ്പറ്റ, തൃശ്ശൂർ, കായംകുളം, തിരുവനന്തപുരം സിറ്റി, സുൽത്താൻ ബത്തേരി, താമരശ്ശേരി, തലശ്ശേരി, ചിറ്റൂർ, പൊന്നാനി, മണ്ണാർക്കാട്, വടക്കാഞ്ചേരി, ചേർത്തല, വിഴിഞ്ഞം, പാറശ്ശാല, മാള, ചാത്തന്നൂർ, വികാസ്ഭവൻ, കിളിമാനൂർ, ചടയമംഗലം, കാട്ടാക്കട, ആറ്റിങ്ങൽ, നെയ്യാറ്റിൻകര, പാപ്പനംകോട്, പേരൂർക്കട, അടൂർ, വെള്ളനാട്,

LIBRARY ARCHIVES Kerala Legislative Assembly